LIBRARY ARCHIVES Kerala Legislative Assembly

പുതുതായി സൃഷ്ടിച്ച തസ്തികകൾ

125 (4116) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സാമ്പത്തിക വർഷം പുതുതായി സൃഷ്ടിച്ച തസ്തികകളിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം, എത്ര വീതം എന്ന് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ഗവൺമെന്റ് ആർട്ട്സ് & സയൻസ് സയൻസ് കോളേജുകളിൽ 245 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിൽ ധനകാര്യ വകുപ്പിന്റെ അനുമതി 58 തസ്തികകൾക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ധനവകുപ്പിന്റെ അനുമതിയില്ലാതെ സൃഷ്ടിച്ചതിൽ 100 തസ്തികകൾ ആവശ്യത്തിലധികമാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് റദ്ദ് ചെയ്യുകയുണ്ടായി.

സോഷ്യൽ മീഡിയയിലൂടെ പ്രതികരണം ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ

126 (4117) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതിന് ധനകാര്യവകുപ്പിന്റെ കീഴിലുള്ള എത്ര ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും ജീവനക്കാരനെ ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ പ്രതികരിക്കുന്നവർക്കെതിരെ അച്ചടക്ക നടപടി എടുത്തത് നിലവിലുള്ള ഏതു സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ വ്യവസ്ഥകൾ ഇല്ലെങ്കിൽ നിയമപരമായി നിലനിൽക്കാത്തതും നിയമസാധുത ഇല്ലാത്തതുമായ ഇത്തരം അച്ചടക്ക നടപടികൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ധനകാര്യ വകുപ്പിലുള്ള ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.